(ബി) കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്ന ബസുകളുടെ മേജർ റിപ്പയറുകൾ ചെയ്യുന്നതിന് ഒരു സെൻട്രൽ വർക്കുഷോപ്പും നാലു റീജിയണൽ വർക്കുഷോപ്പുകളും നിലവിലുണ്ട്. ചെറിയ തോതിലുള്ള അറ്റകുറ്റപ്പണികൾ ചെയ്താൽ ഓരോ ഡിപ്പോകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഗ്യാരേജുകളുമുണ്ട്.

(സി) സ്പെയർ പാർട്ടുകളുടെ ലഭ്യതക്കുറവുമൂലം ഇപ്പോൾ 125 ബസുകൾ കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള വർക്കുഷോപ്പുകളിൽ നിർത്തിയിട്ടിരിക്കുന്നു.

(ഡി) കേടുപാടുകൾ തീർക്കുന്നതിനായി 344 ബസുകൾ വർക്കുഷോപ്പുകളിൽ നിർത്തിയിട്ടിട്ടുണ്ട്. അവയുടെ പണി നടന്നുകൊണ്ടിരിക്കുന്നു.

(ഇ) ഹഡ്കോയിൽനിന്നും അനുവദിച്ചിട്ടുള്ള 100 കോടി രൂപ ഉപയോഗിച്ച് രണ്ടായിരാമാണ്ടിൽ 1200 ബസുകൾ നിരത്തിലിറക്കുന്നതിനും വർക്കുഷോപ്പുകൾ നവീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ വിവിധ ജില്ലാ സഹകരണ ബാങ്കിൽനിന്നും അനുവദിക്കുന്ന തുക 300 ബസുകൾ നിരത്തിലിറക്കുവാനും വിനിയോഗിക്കും. ഇത്തരത്തിൽ നിരത്തിലിറക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പുതിയ ബസുകളിൽ 500 എണ്ണം പഴയവ നിരത്തിൽനിന്നും പിൻവലിക്കുവാൻ ഉപയോഗിക്കും.

67 (1108) റോഡ് ഗതാഗത രംഗത്ത് സുരക്ഷിതത്വ നടപടി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് ഗതാഗത രംഗത്ത് സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് പുതുതായി ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) ചടയമംഗലം ബസ്സപകടം പോലുള്ളവ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്;

(സി) മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം പരിഷ്കാരങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങളെക്കുറിച്ച് പഠിക്കുന്നതിനും അവയ്ക്കു പരിഹാരം നിർദ്ദേശിക്കുന്നതിനുമായി 7.5.97-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചു കൂട്ടിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ 9.5.97-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 55/97/പി.ഡബ്ളിയു. ആന്റ് റ്റി പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതാധികാര സമിതിയും പ്രസ്തുത സമിതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ഒരു ചീഫ് സെക്രട്ടറി ചെയർമാനായി ഒരു എംപവേർഡ് കമ്മിറ്റിയും രൂപീകരിക്കുകയുണ്ടായി. കൂടാതെ 10.12.91-ലെ സർക്കാർ ഉത്തരവ് (പി) 84/പി.ഡബ്ല്യൂ. ആന്റ് റ്റി പ്രകാരം ഗതാഗത വകുപ്പ് മന്ത്രി ചെയർമാനായി കേരള റോഡ് സേഫ്റ്റി കൗൺസിലും 29.9.99-ലെ സർക്കാർ ഉത്തരവ് നം. (പി) 165/95/പി. ഡബ്ളിയൂ ആന്റ് റ്റി പ്രകാരം ജില്ലാ കളക്ടർ ചെയർമാനായി

LIBRARY ARCHIVES Kerala Legislative Assembly

ഡിസ്ട്രിക്റ്റ് റോഡ് സേഫ്റ്റി കൗൺസിലും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതികളുടെ നിർദ്ദേശപ്രകാരം താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ട്.

1. ഡ്രൈവിംഗ് ലൈസൻസു നൽകുന്നത് കർശനവും സുതാര്യവും ആക്കുന്നതിനായി ഒന്നിലധികം ഉദ്യോഗസ്ഥന്മാർ ചേർന്ന് ഡ്രൈവിംഗ് ടെസ്റ്റ് നടത്തണമെന്നും ഒരു ദിവസം ടെസ്റ്റ് ചെയ്യുന്നവരുടെ എണ്ണം 40 ആയി നിജപ്പെടുത്തുന്നതിനും വ്യവസ്ഥയുണ്ടായി.

2. 20 വർഷത്തിനുള്ളിൽ പഴക്കമുള്ള വാഹനങ്ങൾ ഒരു അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെകറും ഒരു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും അതിനു മുകളിൽ പഴക്കമുള്ള വാഹനങ്ങൾ ഒരു ജോയിന്റ് ആർ.ടി.ഒ. യും ഒരു ആർ.ടി.ഒ.യും (ഇവരിൽ ഒരാൾ സാങ്കേതിക പരിജ്ഞാനം ഉള്ള ആളായിരിക്കണം) ചേർന്ന് പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാൻ നിഷ്കർഷിച്ചു.)

3. അപകടങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളുടെ ലിസ്റ്റ് ഉണ്ടാക്കി തിരക്കുള്ള സമയങ്ങളിൽ പരിശോധന നടത്തി അമിത വേഗതക്കെതിരെ കർക്കശ നടപടി കൈക്കൊണ്ടുവരുന്നു. ഇതിലേയ്ക്കായി നാലു സ്പീഡ് റഡാറുകൾ വാങ്ങി നൽകിയിട്ടുണ്ട്.

4. മദ്യപിച്ചു വാഹനമോടിക്കുന്നവർക്കെതിരെ കർശന നടപടിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി എല്ലാ ജില്ലാതല ഉദ്യോഗസ്ഥന്മാർക്കും ബ്രീത്ത് അനലൈസറുകൾ' വാങ്ങി നൽകിയിട്ടുണ്ട്.

5. ഗതാഗത നിയമലംഘനം നടത്തുന്നവർക്കെതിരെ കർശന നടപടികൾ കൈക്കൊണ്ടുവരുന്നു. ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ് ചെയ്യൽ റദ്ദു ചെയ്യൽ തുടങ്ങിയ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

6. മോട്ടോർ വാഹന നിയമത്തെപ്പറ്റിയും ചട്ടങ്ങളെപ്പറ്റിയും ബോധവൽക്കരണ ക്ളാസുകളും ഡ്രൈവർമാർക്ക് കണ്ണുപരിശോധനകളും നടത്തുകയുണ്ടായി.

7. ബസ്സുകളുടെ മത്സര ഓട്ടം ഒഴിവാക്കുവാൻ അവയുടെ റണ്ണിംഗ് ടൈം ദീർഘിപ്പിച്ചുകൊടുത്തു.

8. മോട്ടോർ വാഹന നിയമം 112(2) അനുസരിച്ച് കേരളത്തിൽ വാഹനങ്ങൾ ഓടിക്കാവുന്ന പരമാവധി വേഗത നിർണ്ണയിച്ചുകൊണ്ട് 3.2.96-ൽ സർക്കാർ ഉത്തരവ് നം (പി) 38/96/പി. ഡബ്ല്യൂ ആന്റ് റ്റി പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും കൈക്കൊണ്ട നടപടികൾ താഴെ കൊടുക്കുന്നു.

1. ലൈസൻസ് നൽകുന്നതിൽ അഴിമതി ഉണ്ടെന്ന ആരോപണം ഒഴിവാക്കുന്നതിനും ടെസ്റ്റ് കാര്യക്ഷമതയും സുതാര്യവും അഴിമതി രഹിതവുമാക്കുന്നതിന് ഒബ്ജക്ടീവ് മാതൃകയിലുള്ള ലേണേഴ്സ് ടെസ്റ്റ് സമ്പ്രദായം നടപ്പിലാക്കി. ടെസ്റ്റ് പാസ്സാക്കുന്നവർക്ക് അപ്പോൾതന്നെ ലേണേഴ്സ് ലൈസൻസ് നൽകിവരുന്നു.

2. ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനുള്ള അപാകതകൾ ഒഴിവാക്കി ടെസ്റ്റ് സമ്പ്രദായം കാര്യക്ഷമമാക്കി. ഇതിനായി ഗ്രൗണ്ട് ടെസ്റ്റും തുടർന്ന് റോഡ് ടെസ്റ്റും നടത്തുന്നതിലേക്ക് മാനദണ്ഡങ്ങൾ നിർണ്ണയിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ദിവസം ഒരു കേന്ദ്രത്തിൽ ടെസ്റ്റ് നടത്തുന്നവരുടെ എണ്ണം 25 ആയി നിജപ്പെടുത്തി. പൊതുജനങ്ങളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് ഇത് 40 ആയി വർദ്ധിപ്പിച്ചു. ടെസ്റ്റിൽ പരാജയപ്പെടുന്നവർക്ക് അപ്പോൾതന്നെ അടുത്ത ടെസ്റ്റിനുള്ള തീയതി നിർണ്ണയിച്ചു നൽകുന്നതിന് ഏർപ്പാടാക്കി. ഡ്രൈവിംഗ് ടെസ്റ്റ് പാസ്സാകുന്നവർക്ക് അപ്പോൾതന്നെ ലൈസൻസ് നൽകുന്നതിന് വേണ്ട നടപടി കൈക്കൊണ്ടു.

3. ജില്ലാ കേന്ദ്രങ്ങളിൽ ഒരു സ്ഥലത്തു മാത്രമായി നടത്തിവരുന്ന ഡ്രൈവിംഗ് ടെസ്റ്റ് അതാത് ജില്ലകളിലെ ഇതര സബ് ഓഫീസുകളിലും നടത്തുന്നതിന് വ്യവസ്ഥയുണ്ടാക്കി.

4. വർധിച്ചുവരുന്ന റോഡപകടങ്ങൾ കണക്കിലെടുത്ത് ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഫിറ്റ്നസ് നൽകുന്ന രീതി കാലോചിതമായി പരിഷ്കരിച്ചു. 20 വർഷത്തിനുള്ളിൽ പഴക്കമുള്ള വാഹനങ്ങൾ ഒരു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും ഒരു അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും ഒരു അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും ചേർന്നും അതിനു മുകളിൽ പഴക്കമുള്ളവ ഒരു ആർ.ടി.ഒ.യും ഒരു ജോയിന്റ് ആർ.ടി.ഒ. യും ചേർന്ന് പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുവാൻ നിഷ്കർഷിച്ചു.

5. മോട്ടോർ വാഹനവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ ഡ്രൈവിംഗ്, ഫിറ്റ്നസ് ടെസ്റ്റ് കേന്ദ്രങ്ങളിൽ മിന്നൽ പരിശോധനയും സൂപ്പർ ചെക്കുകളും നടത്തിവരുന്നു.

6. വാഹനനികുതി അടയ്ക്കുന്നതിനും വിവിധ സർവ്വീസ് ഫീസുകൾ ഒടുക്കുന്നതിനും ആർ.ടി. ഓഫീസുകളിൽ ഉണ്ടായിരുന്ന തിരക്ക് ഒഴിവാക്കാൻ വേണ്ടി പണം സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻതന്നെ (ക്ളാർക്കുമാർ) ടാക്സ് ടോക്കനും രസീതുകളും ഒപ്പിട്ട് നൽകുന്ന സമ്പ്രദായം ഏർപ്പെടുത്തി.

7. മധ്യവർദ്ധികളേയും ഏജന്റുമാരേയും പൂർണ്ണമായി ഓഫീസുകളിൽ നിന്നും ഒഴിവാക്കുന്നതിന് ഡ്രൈവിംഗ് ലൈസൻസിനുള്ള അപേക്ഷകൾ രജിസ്റ്റേർഡ് തപാൽ വഴി അതാത് ആർ.ടി.ഒ./ജോയിന്റ് ആർ.ടി. ഓഫീസുകളിൽ അയക്കുന്നതിന് നിർദ്ദേശം നൽകി. ഇത്തരം അപേക്ഷകളിൽ നിന്ന് അക്ഷരമാലക്രമത്തിൽ ടെസ്റ്റ് ഓർഡർ അയക്കാൻ വ്യവസ്ഥയുണ്ടാക്കി.

8. വാഹന ഉടമകളുടേയും മറ്റു സേവനത്തിനായി വരുന്നവർക്കും പബ്ളിക് റിലേഷൻസ് ഓഫീസറുടെ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് പി.ആർ.ഒ.യെ മറ്റു ജോലികളിൽ നിന്ന് മുക്തനാക്കി കൗണ്ടർ സംവിധാനം കാര്യക്ഷമവും ഫലപ്രദവുമാക്കി.

9. ഓഫീസുകളിൽ നൽകുന്ന അപേക്ഷകൾ അപ്പോൾ തന്നെ പരിശോധിച്ച് കൈപ്പറ്റൽ രസീത് നൽകുന്നതിന് ഒരു ജൂനിയർ സൂപ്രണ്ടിന്റെ ചുമതലയിൽ കൗണ്ടർ സംവിധാനം നടപ്പിലാക്കി.

10. റവന്യൂ വരുമാനം മെച്ചപ്പെടുത്തുന്നതിനും ഗതാഗത കുറ്റങ്ങൾ കുറയ്ക്കുന്നതിനും റോഡു സുരക്ഷാ ഉറപ്പു വരുത്തുന്നതിനും ലക്ഷ്യമിട്ട് എൻഫോഴ്സ്മെന്റ് ജോലികൾ കാര്യക്ഷമമാക്കുന്നതിന് എല്ലാ ആർ.ടി.ഒ മാർക്കും നിർദ്ദേശം നൽകി. ഇതിൻപ്രകാരം ഓരോ ആർ.ടി.ഒ. യും ജോയിന്റ് ആർ.ടി.ഒയും ആഴ്ചയിൽ 10 മണിക്കൂറെങ്കിലും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നതിനും ഇത് സംബന്ധിച്ച ദൈനംദിന റിപ്പോർട്ട് നൽകുന്നതിനും വ്യവസ്ഥയുണ്ടാക്കി.

LIBRARY ARCHIVES Kerala Legislative Assembly

11. കമ്പ്യൂട്ടർവൽക്കരണ/ആധുനികവൽക്കരണപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി നടപ്പിലാക്കിവരുന്നു.

68 (1109) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി നടപടികൾ

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ട്രാൻസ്പോർട്ട് കോർപ്പറേഷൻ പുതിയ ഡിപ്പോകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) നിലവിലുള്ള ഡിപ്പോകളുടെ പ്രവർത്തനം ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഇവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേശസാൽകൃത മേഖലയിലേയും യാത്രക്കാരുടെ തിരക്ക് കൂടുതലുള്ളതും വരുമാനം കൂടുതൽ ലഭിക്കുന്നതുമായ സർവ്വീസുകൾക്ക് മുൻഗണന നൽകി പരമാവധി സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുവാൻ നടപടി സ്വീകരിച്ചു. സർവ്വീസുകളുടെ കൃത്യത പരിശോധിക്കുന്നതിനും വരുമാന ചോർച്ച തടയുന്നതിനും ലൈൻ ഇൻസ്പെക്ഷൻ വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. ദീർഘദൂര സർവ്വീസുകളുടെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി ഇത്തരം സർവ്വീസുകൾക്ക് പുതിയ ബസുകൾ ഉപയോഗിച്ച് വരുന്നു. നാഷണൽ ഹൈവേ എം.സി. റോഡ് എന്നിവയിലൂടെ കൂടുതൽ ദീർഘദൂര സർവ്വീസുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ-കാസർഗോഡ്-കോട്ടയം-കുമളി, പാലക്കാട്-തൃശ്ശൂർ കായംകുളം, പുനലൂർ, കുളത്തൂപ്പുഴ എന്നീ ദേശസാൽകൃത മേഖലകളിൽ സ്വകാര്യ സർവ്വീസുകളെ ഒഴിവാക്കി സർവ്വീസുകൾ നടത്തിവരുന്നു. സ്ഥിരം ഷെഡ്യൂളുകൾക്ക് രണ്ടു ഡ്രൈവർമാരെയും രണ്ട് കണ്ടക്ടർമാരെയും സ്ഥിരമായി അനുവദിച്ച് 'ബസ് ക്രൂ മേരേജ്' പദ്ധതി നടപ്പായി കഴിഞ്ഞു. ഇതിന്റെ ഫലമായി സർവ്വീസുകളുടെ കൃത്യനിഷ്ഠയും കാര്യക്ഷമതയും വർധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിലുപരി കഴിവതും ഒർജിനൽ സ്പെയർപാർട്ടുകൾ തന്നെ ലഭ്യമാക്കി അറ്റകുറ്റപ്പണികൾ നടത്തുന്നതിനാൽ ബ്രേക്ക്ഡൗൺ കുറയ്ക്കുവാനും കഴിയുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കെ.എസ്.ആർ.ടി.സി യുടെ കാര്യക്ഷമത വർധിപ്പിക്കുവാൻ സഹായകരമായിട്ടുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly